## ലോവർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ നടത്തിപ്പ്

51 (2031) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോവർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഇനി മുതൽ ഈ പരീക്ഷ നടത്തുന്നതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) 2000-ാമാണ്ട് മാർച്ച് മാസത്തിൽ നടത്തേണ്ട പരീക്ഷയുടെ അപേക്ഷാ ഫാറം എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ;

(ഇ) ഈ അപേക്ഷയിൽ പരീക്ഷയ്ക്കിരിക്കുന്ന വിദ്യാർത്ഥിയുടെ പേരെഴുതുവാൻ പ്രത്യേക കോളം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻവർഷങ്ങളിലേതുപോലെ ഡിപ്പാർട്ട്മെന്റിന് തന്നെയാണ്.

(സി) ഉണ്ട്.

(ഡി) അപേക്ഷ ഫാറത്തിന്റെ പകർപ്പ് അടക്കം ചെയ്യുന്നു†.

(ഇ) പുതിയ രജിസ്ട്രേഷൻ ഫോറം തയ്യാറാക്കിയപ്പോൾ അവിചാരിതമായി പ്രസ്തുത കോളം വിട്ടുപോകുകയുണ്ടായി. ഇത് തിരുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും നൽകിയതിനുപുറമേ പത്രവാർത്തയും നല്കിയിരുന്നു.

## 1995-96-നു മുമ്പ് സംസ്ഥാനത്ത് സ്വകാര്യ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം

52 (2032) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 നു മുമ്പ് സംസ്ഥാനത്ത് എത്ര സ്വകാര്യ ഹയർ സെക്കണ്ടറി സ്കൂളുകളുണ്ടായിരുന്നു ;

(ബി) ഈ സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര അദ്ധ്യാപകരുണ്ടായിരുന്നു ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly